# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : എൻ.പത്മകുമാർ, ഐ.എ.എസ്)

എൽആർഇ(7)-38000/2016 തീയതി : 29-12-2016

*******************************************************************************

വിഷയം : ജീവനക്കാര്യം- എച്ച്സി/ആർ ഐ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത്- ഭേദഗതി ചെയ്ത് ഉത്തരവാകുന്നത്- സംബന്ധിച്ച്

വായന
1. ഈ കാര്യാലയത്തിൻ നിന്നുള്ള 25.11.2016 ലെ എൽ ആർ ഇ (7)-38665/2016 നമ്പർ നടപടിക്രമം
2. ശ്രീ വി.ടി.ഉമേഷ്, വില്ലേജ് ഓഫീസർ, പേര്യ വില്ലേജ്, മാനന്തവാടി താലൂക്ക്, വയനാട് ജില്ല എന്ന ജീവനക്കാരന്റെ അപേക്ഷ
3. കൊല്ലം ജില്ലാ കലക്ടറുടെ 29.12.2016ലെ ഇ1-200/16 നമ്പർ റിപ്പോർട്ട്

ലാൻഡ് റവന്യൂ വകുപ്പിൽ നിലവിൽ എച്ച്സി, ആർഐ , വില്ലേജാഫീസർ തസ്തികകളിൽ ജോലി നോക്കി വരുന്ന വിവിധ ജില്ലകളിലെ ജീവനക്കാരെ വായന(1) പ്രകാരം റീ അലോട്ട്മെന്റ് നൽകി അവരവരുടെ ജില്ലകളിലേക്ക് തിരികെ മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവായിരുന്നു. വയനാട് ജില്ലയിലെ പേര്യ വില്ലേജ് ഓഫീസർ ആയി ജോലി നോക്കി വരുന്ന ശ്രീ വി.ടി.ഉമേഷ് (സീനിയോറിറ്റി. നമ്പർ 11413) എന്ന ജീവനക്കാരനെ ടിയാന്റെ ജില്ലയായ കോഴിക്കോട് ജില്ലയിലേക്ക് റീ അലോട്ട്മെന്റിന് പരിഗണിച്ചിട്ടില്ലെന്നും ആയതിന് അർഹതയുണ്ടെന്നും കോഴിക്കോട് ജില്ലയിലേക്ക് റീ അലോട്ട്മെന്റ് നൽകണമെന്നും വായന (2) പ്രകാരം ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

2. വായന (1) പ്രകാരമുള്ള നടപടിക്രമത്തിൽ ക്രമനമ്പർ 19 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ ജോസ് പ്രകാശ്.പി (സീനിയോറിറ്റി നമ്പർ 11452) എന്ന ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന ജില്ല കൊല്ലം ആണെന്ന് വായന (3) പ്രകാരം കൊല്ലം ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

3. ആയതിന്റെ അടിസ്ഥാനത്തിൽ, വായന (1) പ്രകാരമുള്ള നടപടിക്രമത്തിൽ ക്രമനമ്പർ 19 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ ജോസ് പ്രകാശ്.പി എന്ന ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന ജില്ല 'കൊല്ലം ' എന്നും മാറ്റി നിയമിച്ച ജില്ല 'കാസർഗോഡ്' എന്നും ഭേദഗതി വരുത്തിക്കൊണ്ടും അതോടൊപ്പം ശ്രീ വി.ടി.ഉമേഷ്-ന് വയനാട് ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേക്ക് റീ അലോട്ട്മെന്റ് പ്രകാരമുള്ള സ്ഥലംമാറ്റം അനുവദിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

4. ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ 31.12.2016-നകം വിടുതൽ ചെയ്തും അനുയോജ്യമായ ജില്ലയിൽ നിയമനം നൽകിയും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ജോയിന്റ് കമ്മീഷണർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1) ജില്ലാ കലക്ടർമാർക്കും / ഓഫീസ് മേധാവികൾക്കും
2) ഡയറക്ടർ, സർവ്വേ & ലാൻഡ് റിക്കാഡ്സ്
3) സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
4) സെക്രട്ടറി, ലാൻഡ് ബോർഡ്
5) ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് സൗത്ത് സോൺ
6) അസിസ്റ്റന്റ് കമ്മീഷണർ (ആർഇ)
7) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
8) കമ്മീഷണറുടെ സി.എ/ ജോയിന്റ് കമ്മീഷണറുടെ സി.എ
9) സൂപ്രണ്ട് (ഇ/ജി/റ്റി)
10) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്